LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 218.95 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതികൾ കമ്മീഷൻ ചെയ്തു. ഇവയുടെ ആകെ ശരാശരി വാർഷിക ഉത്പാദന ശേഷി 553.60 ദശലക്ഷം യൂണിറ്റ് ആണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 42.91 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതികളാണ് കമ്മീഷൻ ചെയ്തത്. ഇതിൽ നിന്നുമുള്ള ശരാശരി വാർഷിക ഉത്പാദന ശേഷി 98.61 ദശലക്ഷം യൂണിറ്റ് ആണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വൈദ്യുതി ഉല്പാദനത്തിന് പുതിയ പദ്ധതികൾ

60 (427) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പുതിയ പദ്ധതികൾക്ക് പുറമേ 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിലൂടെ സ്വകാര്യ മേഖലയിൽ Ipp/cpp വിഭാഗത്തിലായി അനുവദിക്കുകയും ആയതിന്റെ നടപടികൾ തുടർന്നുവരികയും ചെയ്യുന്നു. അതോടൊപ്പം 64 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കമ്മീഷൻ ചെയ്യുന്നതിനും സാധിച്ചു.

(ബി) 218.9 മെഗാവാട്ടിന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് കെ.എസ്.ഇ.ബി.എൽ. ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 മെഗാവാട്ടിന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ രൂപരേഖകൾ പരിശോധിക്കുന്നതിനും മറ്റ് പദ്ധതിയുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും ആയി സർക്കാർ സാങ്കേതിക വിദഗ്ധരുടെ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

- പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ള കമ്മിറ്റി നിലവിലുണ്ട്. വകുപ്പ്മന്ത്രിയുടെ മേൽനോട്ടത്തിൽ ഇത് അവലോകനം ചെയ്യുന്നുമുണ്ട്.
- ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് അദ്ധ്യക്ഷൻമാർ അംഗങ്ങളായുള്ള ഏകജാലക സംവിധാനവും നിലവിലുണ്ട്.

താപനിലയങ്ങളുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്ക് പകരം എൽ.എൻ.ജി. ഇന്ധനമായുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിക്കുവേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡിക്കുവേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസിന്റെ അംഗീകാരത്തിനുവേണ്ടി സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസ്സസ്സ്മെന്റ് ഏജൻസിക്ക് സമർപ്പിച്ചിട്ടുണ്ട്.

പെട്രോനെറ്റും കെ.എസ്.ഇ.ബി.യും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിക്ക് വേണ്ടി വിശദമായ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ചീമേനിയിൽ താപനിലയത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുന്നതിന് വേണ്ട നടപടികൾ തുടങ്ങിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും കേരളത്തിന് കൽക്കരിപ്പാടം അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷയും നൽകിയിട്ടുണ്ട്.

കൊച്ചിയിൽ പെറ്റ്കോക്ക് ഇന്ധനമാക്കിക്കൊണ്ടുള്ള പദ്ധതിയുടെ ആവശ്യത്തിലേക്കായി FACT-ന്റെ കൈവശമുള്ള 150 ഏക്കർ സ്ഥലം സംസ്ഥാന സർക്കാരിന് തിരികെ നൽകുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ FACT-ന്റെ കൈവശമുള്ള ഭൂമിയിന്മേൽ അവർക്ക് ഫ്രീ ഹോൾഡ് നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കൊച്ചി റീഫൈനറിയുമായി പെറ്റ്കോക്ക് ഇന്ധനത്തിന്റെ വില സംബന്ധമായ ചർച്ചകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിലെ 300 ഏക്കർ ചതുപ്പുനിലങ്ങളിൽ NHPC നടപ്പിലാക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിക്കുവേണ്ടി കെ.എസ്.ഇ.ബി.എൽ. NHPC-യുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ട ഭൂമി പാട്ടത്തിന് എടുക്കുന്നതിനായി ഭൂവുടമകളും പഞ്ചായത്തും ചേർന്ന് രൂപീകരിച്ച കമ്പനിയുമായുള്ള ധാരണാപത്രത്തിൽ കെ.എസ്.ഇ.ബി.എൽ. ഒപ്പുവച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതിയുടെയും കാറ്റിൽ നിന്നുള്ള പദ്ധതികളുടെയും നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധത്തിൽ വിവരിച്ചിട്ടുണ്ട്.

വൈദ്യുതി മേഖല നേരിടുന്ന പ്രശ്നങ്ങൾ

61 (428) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഊർജ്ജ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഊർജ്ജ മേഖല നേരിടുന്ന പ്രശ്നങ്ങൾ പ്രധാനമായും താഴെ കൊടുത്തിരിക്കുന്നവയാണ് :

1. ഉപഭോഗം - ഉത്പാദനം എന്നിവയിലെ അന്തരം.
2. പ്രസരണ വിതരണ നഷ്ടം.
3. വിതരണ മേഖലയിലെ ധനകുമ്മി
4. പ്രസരണ മേഖലയിലെ വരും കാലങ്ങളിൽ നേരിടാനിടയുള്ള ആസ്തി അപര്യാപ്തത.
5. ജലപദ്ധതികൾക്ക് പാരിസ്ഥിതിക വിഷയങ്ങളാലുണ്ടാകുന്ന തടസ്സം.

ഉപഭോഗം, ഉത്പാദനം എന്നിവയിലെ അന്തരം നികത്തുന്നതിന് കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും ദീർഘകാല കരാറുകാരിൽനിന്നും വൈദ്യുതി വാങ്ങുന്നു. പ്രസരണ, വിതരണ നഷ്ടം ദേശീയ ശരാശരിയെക്കാൾ മെച്ചമാണെങ്കിലും മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ ഉപയോഗം, ക്ഷമത കൂടിയ ഉപകരണങ്ങളുടെയും വസ്തുക്കളുടെയും ഉപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതിനാൽ ഊർജ്ജ നഷ്ടം പരമാവധി കുറയ്ക്കാൻ സാധിക്കുന്നു.

പരിസ്ഥിതി ആഘാതം കുറവുള്ള ചെറുകിട പദ്ധതികൾക്ക് സർക്കാർ പരമാവധി ഊന്നൽ നൽകി പ്രോത്സാഹിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly